


"To be a model family fellowship based on spirituality, heritage, kinship & love"

# AFF NEWS LETTER

## ALUNKAL FAMILY FELLOWSHIP
## KANDANAD

(for private circulation among the members only)
(Reg.No.ER184/08)

Website: www.alunkal.com Email: info@alunkal.com
Vol. 12, No.3 Oct 2020

## PRESIDENTIAL COLUMN

We are presently going through a very difficult and testing period in our lives, mainly due to the prevalence of the pandemic, the Corona Virus Disease, (COVID 19) in our midst. Without going into its detailed etiologic aspects, we all know that this pandemic is a world- wide phenomenon and threatens human lives in our planet. Scientists, all over the world, share the view that this pandemic would create lots of dislocation in all the fields of human activity.

Pandemics are not new to our society. There have been pandemics like Ebola, small-pox, chicken pox, etc., that haunted human life in the past. However, on all such occasions, we have been saved by the grace of the Lord with timely and effective intervention, from the respective Governments. Self-awareness is the key to safety of self and the society. As responsible citizens, we are duty bound to obey the dictates/ orders of the State in this regard. All sundry and half- baked informations - spreading through social media, should be ignored.

We, as members of a responsible family organisation, should be the role models of the society on all occasions and should not fall prey to falsehood and disinformation.

**Dr. A.C. Paul**

## എഡിറ്റോറിയൽ

ആരും പ്രതീക്ഷിക്കാത്ത, വിഭാവന പോലും ചെയ്യാത്ത ഒരു സാമൂഹ്യ സാഹചര്യമാണ് മനുഷ്യരാശി ഇപ്പോൾ നേരിടുന്നത്. സാമൂഹ്യജീവിയായ മനുഷ്യർക്ക്, 'സാമൂഹ്യ അകലം' പാലിക്കേണ്ട ഒരു അവസ്ഥയിലേയ്ക്ക് നാം ഏവരും എത്തിച്ചേർന്നിരിക്കുന്നു. ഇത്തരം ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് മനുഷ്യരാശിയെ നയിച്ച അഥവാ നയിക്കപ്പെട്ട കാരണങ്ങൾ ഏവർക്കും അറിവുള്ളതാണ്. നമ്മുടെ സുരക്ഷയ്ക്കൊപ്പം മറ്റുള്ളവരുടെ സുരക്ഷയും

പ്രധാനമാണ് എന്ന സാമൂഹ്യ അവബോധം ഏറ്റവും ഉദാത്തമായ മനുഷ്യസംസ്ക്കാരത്തിന്റെ പ്രതിഫലനമാണ്. ഇത് നമുക്ക് ഏവർക്കും അഭിമാനിക്കാൻ വകനൽകുന്നതിനോടൊപ്പം ചരിത്രം രേഖപ്പെടുത്തും എന്നതിൽ തർക്കമില്ലാത്തതുമാണ്. ഇത്തരം ഒരു ദുരവസ്ഥയിൽനിന്ന് മനുഷ്യരാശി എത്രയുംവേഗം മുക്തരാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

പ്രവർത്തനവർഷത്തിന്റെ രണ്ടാംപാദത്തിലേയ്ക്ക് നാം കടന്നിരിക്കുന്ന ഈ ഘട്ടത്തിൽ നേട്ടങ്ങളെക്കുറിച്ച് അഭിമാനിക്കാതെ കോട്ടങ്ങളിൽ ശ്രദ്ധ ചെലുത്തുവാൻ നമുക്ക് സാധിക്കണം. ആത്മപ്രശംസയല്ല, സ്വയം വിമർശനമാണ് ഈ ഘട്ടത്തിൽ അനിവാര്യമായിട്ടുള്ളത്. 'ഒന്നിന്റെ കോട്ടം മറ്റതിന്റെ നേട്ടം' എന്ന ചിന്ത സംസ്ക്കാര ശൂന്യതയുടെ ലക്ഷണമാണ്. ആത്മപ്രശംസ വെടിഞ്ഞ്, സമചിത്തതയോടെ, ജീവിതം മുന്നോട്ട് നയിക്കുവാൻ നമുക്കേവർക്കും സാധിക്കട്ടേയെന്ന് പ്രാർത്ഥിക്കുകയും, ആശംസിക്കുകയും ചെയ്യുന്നു.

## സ്നേഹം

*സാനുബ കുര്യൻ*

സ്നേഹിതർക്കുവേണ്ടി ജീവൻ ത്യജിക്കുന്നതിനേക്കാൾ വലിയ സ്നേഹം മനുഷ്യന് ഇല്ല എന്ന് വി. ബൈബിൾ പഠിപ്പിക്കുന്നു. സ്നേഹം ഹൃദയത്തിൽ മാത്രം സൂക്ഷിച്ചാൽ പോരാ, അത് വാക്കുകളിൽക്കൂടിയും, പ്രവൃത്തിയിൽകൂടിയും പ്രകടമാക്കുകയും ചെയ്യണം. സ്നേഹത്തിന്റെ കുളിർമഴ ഏൽക്കുമ്പോൾ എത്ര മുരടിപ്പ് ബാധിച്ച വ്യക്തിത്വവും തഴച്ചുവളരും. സ്നേഹപൂർവ്വമായ ഒരു സ്പർശനത്തിന്റെ, ഒരു പുഞ്ചിരിയുടെ, ഒരു വാക്കിന്റെ, താൽപര്യത്തോടെ പറയുന്നവനെ ശ്രദ്ധിക്കുന്നതിന്റെ, ആത്മാർത്ഥമായ ഒരു അഭിനത്തിന്റെ, കരുതലിന്റെ ശക്തി എത്ര വലുതാണെന്ന കാര്യം നാം പലപ്പോഴും വിസ്മരിക്കുന്നു. സ്നേഹത്തിലൂന്നിയ വാക്കും പ്രവൃത്തിയും, ഒരു വ്യക്തിത്വത്തെപ്പോലും വഴിതിരിച്ചുവിടാൻ ശക്തിയുള്ള ഒരു ആയുധമാണ്. സ്നേഹത്തിന്റെ മഹത്വം കാലത്തിന് മാത്രമേ മനസ്സിലാകൂ. സ്നേഹവും, കാരുണ്യവും, വിനയവും, പരോപകാര മനസ്ഥിതിയും, ലാളിത്യവുമാണ് ജീവിതത്തിന് സുഗന്ധംപകർന്ന് അതിനെ മനോഹരമാക്കുന്നത്. പെട്ടെന്ന് കോപിക്കുകയും ചിന്തിക്കാതെ പ്രതികരിക്കുകയും ചെയ്യുന്ന സ്വഭാവം ഒഴിവാക്കുന്നതാണ് ഭൂഷണം. സ്നേഹത്തിന്റെ പരിലാളനം ഒരു വലിയ ശക്തിയാണ്.

***Love is verb before it is a noun.***

***സ്നേഹം നാമമാകുന്നതിന് മുൻപ് അത് ഒരു ക്രിയയാണ്.***

# ഓൺലൈൻ വിദ്യാഭ്യാസം സ്കൂളുകളിൽ

*സാബിത ഷെറിൻ*

ലോകം കോവിഡ് 19 ന്റെ ഭീതിയിലമർന്നിട്ട് നാളുകളായി. എന്താണ് പരിഹാരമെന്നോ എപ്പോഴാണ് പ്രായോഗീകമാകുന്നതെന്നോ തീർച്ചപ്പെടാതെ ജനങ്ങളും ജീവിതത്തിന്റെ സമസ്ത മേഖലകളും ഇതിന്റെ കെടുതികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. നിയന്ത്രണങ്ങളും അടച്ചിടലുകളുമൊക്കെയായി ആകെയൊരു അരക്ഷിതാവസ്ഥ ഇപ്പോൾ സമൂഹത്തിൽ നിലനിൽക്കുന്നു. ഇത് ദോഷകരമായി ബാധിച്ചവരിൽ നമ്മുടെ കുട്ടികളുമുണ്ട്. കോവിഡ് ഭീതിയിൽ വിദ്യാലയങ്ങൾ അടച്ചിട്ടപ്പോൾ നഷ്ടപ്പെട്ടത് അവരുടെ പഠനങ്ങളും സന്തോഷങ്ങ ളുമാണ്. അടച്ചിടൽ കുട്ടികളുടെ വിദ്യാഭാസത്തെ ബാധിക്കാതിരിക്കാനുള്ള ബദൽമാർഗ്ഗമായാണ് ഓൺലൈൻ വിദ്യാഭ്യാസം ആരംഭിച്ചത്. കേരളം പോലെയുള്ള സംസ്ഥാനങ്ങളിൽ എല്ലാവരിലേയ്ക്കും ഓൺലൈൻ ക്ലാസ്സുകൾ എത്തിക്കുക എന്നത് വളരെ ശ്രമകരമായിരുന്നു. എന്നാലും ബാലാരിഷ്ടതക ളെയൊക്കെ അതിജീവിച്ച് അത് നല്ലരീതിയിൽ തുടർന്നുപോകുന്നു. കോവിഡ് സമ്പർക്ക ഭീതിയൊന്നുമില്ലാതെ അവരവരുടെ വീട്ടിലിരുന്ന് പാഠ്യഭാഗങ്ങൾ പഠിക്കാൻ കുട്ടികൾക്കാവുന്നുണ്ട്. അധ്യാപകരുടെ സജീവമായ ഇടപെടലുകളും, പിന്തുണയും ഇത്തരത്തിലുള്ള പഠനത്തെ സഹായിക്കുന്നുമുണ്ട്. എന്നിരുന്നാലും ഈ രീതി വളരെക്കാലത്തേയ്ക്ക് തുടർന്നുപോകുക എന്നത് ഗുണകരമല്ല. സൗഹൃദങ്ങളിൽനിന്നും, സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് വീടിന്റെ നാല് ചുമരുകൾക്കുള്ളിലേയ്ക്കൊതുങ്ങുന്നത്, കുട്ടി കളിൽ വളരെയധികം മാനസിക സംഘർഷം ഉണ്ടാക്കുന്നുണ്ട്. പ്രത്യേകിച്ചും ചെറിയ കുട്ടികൾക്ക്. അധ്യാപകരുടെ പൂർണ്ണ പിന്തുണയോടുകൂടി മാത്രമേ അവർക്ക് പഠനം സാദ്ധ്യമാവുകയുള്ളൂ. ഒരു പരിധിവരെ മാതാപിതാക്കൾക്ക് സഹായിക്കാൻ കഴിയുമെങ്കിലും, അഭ്യസ്തവിദ്യരല്ലാത്ത ഒരു ന്യൂനപക്ഷത്തിന് അതിനും സാദ്ധ്യമല്ല. അതുകൊണ്ടുതന്നെ ഈ ബദൽ പഠനരീതിക്ക് പൂർണ്ണവിജയം അവകാശപ്പെടാൻ പറ്റുമെന്ന് തോന്നുന്നില്ല. ഇതിനും പുറമെയാണ് മുതിർന്ന കുട്ടികൾക്കുണ്ടാകുന്ന ഗാഡ്ജറ്റിനോടുള്ള ഭ്രമം. പഠനോപാധിയായി നിരുപാധികം തങ്ങളുടെ കൈകളിൽ എത്തിയിരിക്കുന്ന മൊബൈലുകൾ വ്യാപകമായി ദുർവിനിയോഗം ചെയ്യപ്പെടാനുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നുണ്ട്. ഗൂഗിളിലും, യൂട്യൂബിലും അവരുടെ വിലപ്പെട്ട സമയം ഹോമിക്കപ്പെടുന്നു. കൂടാതെ ഗാഡ്ജറ്റുകളുടെ ഉപയോഗം കൂടുമ്പോഴുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും. അധ്യാപകരും വിഷമസന്ധിയിലാണ്. തങ്ങളുടെ മുൻപിലിരിക്കുന്ന കുഞ്ഞുങ്ങളെ അവരുടെ മനസ്സറിഞ്ഞും ശേഷിയറിഞ്ഞും പഠിപ്പിച്ചിരുന്ന അധ്യാപകർക്ക് അധ്യാപനം വെറും

ആശയസംവേദനവും, തെറ്റുതിരുത്തലുമായി മാറിയിരിക്കുന്നു. കളിയും ചിരിയും കൂട്ടുകാരൊന്നുമില്ലാതെ വീട്ടിലിരിക്കുന്ന കുട്ടികളിൽ മാനസിക സമ്മർദ്ദമേറുകയും ചെയ്യുന്നു. കോവിഡ് മഹാമാരിയുടെ ഭീതിയൊഴിഞ്ഞ് വിദ്യാലയങ്ങൾ വേഗം തുറക്കപ്പെടട്ടേയെന്നും, കളിയും ചിരിയുമായി കുട്ടികൾക്ക് ജീവിതത്തിലേയ്ക്ക് മടങ്ങിവരാൻ വേഗം സാധിക്കട്ടേയെന്നും ഈയവസരത്തിൽ നമുക്ക് പ്രാർത്ഥിക്കാം.

(ഒരു അധ്യാപികയായ ശ്രീമതി സബിത ഷെറിൻ പങ്കുവച്ച അഭിപ്രായം സമകാലികവും ഏറെ പ്രസക്തവുമാണ് - Ed.).

**ലേഖനം**

# സത്യമെന്നാൽ എന്താകുന്നു?

**(ഡോ. എ.സി.പോൾ)**

നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തു തന്റെ കഷ്ടാനുഭവ നാളുകളിൽ ഏറെ പീഢിപ്പിക്കപ്പെട്ടിരുന്നു. അക്കാലത്തെ റോമാ ചക്രവർത്തിയായിരുന്ന പീലാത്തോസിന്റെ കോടതിയിൽ ഹാജരാക്കപ്പെടുകയും വിസ്തരിക്കപ്പെടുകയും ചെയ്ത അവസരത്തിൽ ചക്രവർത്തിയുടെ ചോദ്യങ്ങൾക്ക് അദ്ദേഹം നൽകിയ ഉത്തരങ്ങൾ വളരെ ശ്രദ്ധയോടെ പഠിക്കേണ്ടതാണ്. വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിൽ ഇതേക്കുറിച്ച് കൂടുതൽ പരാമർ ശങ്ങൾ ഉള്ളതായി നമ്മുക്ക് കാണുവാൻ സാധിക്കും. താഴെ വിവരിക്കുന്ന വി.വേദ ഭാഗങ്ങൾ ശ്രദ്ധിക്കുക. വി.യോഹന്നാൻ 1:17 ".... ന്യായപ്രമാണം മോശമുഖാന്തിരം ലഭ്യമായി. കൃപയാകട്ടെ ഏശു മിശിഹാ മൂലവും ഉണ്ടായി". ദൈവം തന്റെ പത്ത് കൽപ്പനകൾ നൽകിയത് മോശയ്ക്കാണ്. പക്ഷെ അത് മോശയ്ക്ക്വേണ്ടി മാത്ര മായിരുന്നില്ല. ലോകമാകെ ചിതറിക്കിടക്കുന്ന സർവ്വജനങ്ങൾക്കും കൂടിയായിരുന്നു. മോശ അതിന്റെ അനുവാചകനും, ന്യായപ്രമാണ നിർവ്വഹണത്തിന്റെ ചുമതല ക്കാരനും ആയിരുന്നു. 'സത്യം' എന്ന പദപ്രയോഗം വി. വേദപുസ്തകത്തിൽ നിരന്ത രമായി നമ്മൾ വായിക്കുന്ന ഒരു പദമാണ്. സത്യത്തിന് സാക്ഷിയാകാൻ ഈ ഭൂമിയിലേയ്ക്ക് ഇറങ്ങിവന്ന പുത്രൻതമ്പുരാൻ അതിന്റെ ഉറവിടവും, ഏറ്റവും ഉദാത്തവുമായ മാതൃകയുമാണ്. വി.ഗ്രന്ഥത്തിലൂടെ ഉടനീളം പ്രയാണം ചെയ്യുന്ന 'സത്യ'ത്തിന്റെ വിവിധവശങ്ങളിലേയ്ക്ക് നമ്മുക്ക് ഒന്ന് എത്തിനോക്കാം. "സത്യത്തിലൂടെയും ആത്മാവിലൂടെയുമാണ് പിതാവിനെ വന്ദിക്കേണ്ടത്". . (വി.യോഹന്നാൻ 4:23,24). "ഞാനും എന്റെ പിതാവും ഒന്നാകുന്നു" എന്ന തിരുവചന ത്തിലൂടെ പിതാവിനെ വന്ദിക്കുന്നവൻ തന്നെയും വന്ദിക്കുന്നു എന്ന വലിയ ഒരു സന്ദേശവും യേശുതമ്പുരാൻ നമ്മുക്ക് നൽകുന്നു. 'സത്യം' പരിശുദ്ധാത്മാവിന്റെ പ്രതിച്ഛായയും പ്രതിഫലനവുമാണ്. അതിന് അതിരുകളില്ല. അത് പ്രപഞ്ച ത്തിലാകെ നിറഞ്ഞ് നൽക്കുന്നു. ദൈവീകതയായ അതിന് ആദിയും, അന്തവും

ഇല്ല. നമ്മുടെ കർത്താവും രക്ഷകനുമായ യേശുതമ്പുരാന്റെ അനിർവചനീയതയും, തന്റെ സാക്ഷ്യപ്പെടുത്തലുകളും ചക്രവർത്തി പീലാത്തോസിനോ അവിടെ കൂടെ നിന്നിരുന്ന മൂഢ-ബധിര സദസ്സിനോ മനസ്സിലാക്കാൻ സാധിക്കാത്തതിൽ എന്താണ് അതിശയം!

**കടപ്പാട് :** ഈ ലേഖനം "What is Truth" എന്ന ശീർഷകത്തിൽ ബോംബെ ബാഹ്യ കേരള ഇടവകയുടെ 2003ൽ "VISION" എന്ന സഭാമാസികയിൽ ലേഖകൻ പ്രസിദ്ധീകരിച്ചതിന്റെ ഹ്രസ്വമായ മലയാള പരിഭാഷയാണ്. പ്രസ്തുത പ്രസിദ്ധീകരണത്തിന്റെ ചീഫ് എഡിറ്റർ ബാഹ്യകേരള ഇടവകയുടെ(ഇപ്പോൾ കോട്ടയം ഭദ്രാസനത്തിന്റെ) ആദരണീയനായ മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മോർ തിമോത്തിയോസ് തിരുമേനിയായിരുന്നു.

# AFF DIARY

## വിവാഹിതരായി

- മുണ്ടക്കയം തൊടിയിൽപറമ്പിൽ ജോൺ ടി. ചാക്കോ, ഷീന ജോൺ ദമ്പതികളുടെ മകൻ **ജിതിൻ ജേക്കബ് ജോണും**, ഏറ്റുമാനൂർ തെങ്ങോലിൽ ജോർജ്ജ് മാനുവൽ, അനു ജോർജ്ജ് അമ്പതികളുടെ മകൾ **ഡെയ്ജി എം. ജോർജ്ജും** എറണാകുളം CSI ഇടവക പള്ളിയിൽവച്ച് വിവാഹിതരായി.
- കലൂർ ക്രിസ്റ്റൽ റൂബി അപ്പാർട്ട്മെന്റിൽ കീർത്തി കുര്യൻ, മിനി കീർത്തി ദമ്പതികളുടെ മകൾ **ക്യാപറ്റൻ ഇന്ദിരാ സൂസൻ കുര്യനും**, തൃക്കാക്കര മംഗലശ്ശേരിൽ സാമുവൽ റെജി എബ്രാഹാം, ആൻ റെജി സാമുവൽ ദമ്പതികളുടെ മകൻ **ജെറോം എബ്രാഹാം സാമുവലും** 20.06.2020 ന് കാക്കനാട് ക്രിസ്റ്റോമോസ് മാർതോമ പള്ളിയിൽവച്ച് വിവാഹിതരായി.

***നവദമ്പതികൾക്ക് AFF ന്റെ എല്ലാവിധ മംഗളാശംസകളും നേരുന്നു.***

## ജനനം

- സുമി & പ്രദീപ് ദമ്പതികൾക്ക് 30.12.2019 ൽ ഒരു പെൺകുഞ്ഞ് ജനിച്ചു.
- അജെ & അമ്പിളി ദമ്പതികൾക്ക് 20.03.2020 ൽ ഒരു ആൺകുഞ്ഞ് ജനിച്ചു.
- അജീഷ & ജോൺ ദമ്പതികൾക്ക് 13.07.2020 ൽ ഒരു പെൺകുഞ്ഞ് ജനിച്ചു.

***എല്ലാ കുഞ്ഞുങ്ങൾക്കും AFF ന്റെ പേരിൽ ആയുരാരോഗ്യങ്ങൾ നേരുന്നു.***

## ഉന്നതവിജയം നേടിയവർ


**12th Std**

1. Maria Abraham (92.5%)
2. Nikhil Daniel Jacob (86%)
3. Meghana Maria Jobsy (73%)
4. Hridhya Suresh (86%)

**10th Std**

1. Jobin K. Kurien (85%)
2. Angel Maria Jijo (65%)

# OBITUARY



## P. George Peter

**(18.02.1932 -- 11.06.2020)**

തൃപ്പൂണിത്തുറ പട്ടശ്ശേരിൽ ശ്രീ. പി.വി. പത്രോസിന്റെയും, ശ്രീമതി അന്നമ്മയുടെയും മകനായി 1932-ൽ ജനിച്ചു. തൃപ്പൂണിത്തുറ ബോയ്സ് സ്കൂൾ, തേവര Sacret Heart കോളേജ്, മദ്രാസ് ക്രിസ്ത്യൻ കോളേജ് എന്നീ സ്ഥാപനങ്ങളിലെ പഠനാനന്തരം ബാംഗ്ലൂർ എഞ്ചിനീയറിംങ്ങ് കോളേജിൽ നിന്നും ഇലക്ട്രിക് എഞ്ചിനീയറിങ്ങിൽ ബിരുദം നേടി. തുടർന്ന് KSEBയിൽ ജോലിയിൽ പ്രവേശിച്ചു. പീരുമേട്, ആലുവ, വൈറ്റില പവ്വർഹൗസുകളിൽ Station Engineer ആയി ജോലി നിർവ്വഹിച്ചു. 1962ൽ സ്വീഡനിൽ ഹെഡ് ഓഫീസ് ആയ Wimco Mathch കമ്പനിയുടെ ബരേലി, ബോംബെ, മദ്രാസ് എന്നിവിടങ്ങളിലെ ഫാക്ടറികളിൽ സീനിയർ ഇലക്ട്രിക് എഞ്ചിനീയർ ആയി പ്രവർത്തിച്ചു. അധികം താമസിയാതെ മക്കളുടെ വിദ്യാഭ്യാസ സൗകര്യത്തെ മുൻനിർത്തി ജോലി രാജിവച്ച് കേരളത്തിലേയ്ക്ക് തിരിച്ചുവന്നു. നാട്ടിൽ ഹൈടെൻഷൻ വർക്കിനുവേണ്ട സൂപ്പർവൈസറി ആന്റ് കോൺട്രാക്റ്റ് ലൈസൻസ് എടുക്കുകയും ഇൻഡസ്ട്രിയൽ ഇലക്ട്രിക് പാനൽ ബോർഡുകൾ ഉണ്ടാക്കുവാൻ തുടങ്ങുകയും ചെയ്തു. 2010-ൽ കോൺട്രാക്റ്റ് ജോലികൾ നിർത്തി കൺസൽട്ടൻസി വർക്ക് ആരംഭിച്ചു. ജീവിതാന്ത്യം വരെ ഇത് തുടർന്നു. AFF സ്ഥാപക പ്രസിഡന്റ് ശ്രീ. എ.എം. തോമസിന്റെയും ശ്രീമതി തങ്കം തോമസിന്റെയും മകൾ ശാന്തയാണ് സഹധർമ്മണി.

മക്കൾ :

- ഡോ. പീറ്റർ ജോർജ്ജ് : മറിയം. മക്കൾ: സിമോൺ, സാറ
- തോമസ് ജോർജ്ജ് : ആനി. മക്കൾ : നേഹ, വരുൺ.
- ഡോ. വർഗ്ഗീസ് ജോർജ്ജ് : ജെന്നിഫർ, സക്കറിയ

പീറ്റർ ജോർജ്ജും, വർഗ്ഗീസ് ജോർജ്ജും കാലിഫോർണിയയിൽ കുടുംബസമേതം താമസിക്കുന്നു. തോമസ് ജോർജ്ജും കുടുംബവും നാട്ടിൽത്തന്നെയുണ്ട്.

**(വിവരങ്ങൾക്ക് കടപ്പാട് : Mrs. ശാന്ത ജോർജ്ജ്, വൈസ് പ്രസിഡന്റ്, AFF)**

***NB: ശ്രീ. ജോർജ്ജ് പീറ്റർ അവർകളുടെ നിര്യാണത്തിൽ AFF ന് വിലപ്പെട്ട ഒരു ഉപദേശ കനെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്.***